**Cognize Kerala : Interactive webinar series 31.05.21**

# വാക്സിൻ: ഭിന്നശേഷിക്കാർക്കായി വെബിനാർ തുടങ്ങി

**കോഴിക്കോട്:** കൊവിഡ് വാക്സിനുമായി ബന്ധപ്പെട്ട ഭിന്നശേഷി കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്ക പരിഹരിക്കുമെന്നു കേരള സംസ്ഥാന ഭിന്നശേഷി കമ്മിഷനർ എസ്.എച്ച് പഞ്ചാപകേശൻ അറിയിച്ചു. കൊവിഡ് വ്യാപനത്തിന്റെ രണ്ടാം തരംഗത്തിൽ ഭിന്നശേഷി കുട്ടികളും അവരുടെ രക്ഷിതാക്കളും അനുഭവിക്കുന്ന പ്രശ്നങ്ങൾ ഉൾപ്പെടുത്തി നടത്തുന്ന പത്താഴ്ച നീണ്ടുനിൽക്കുന്ന വെബിനാർ സീരീസ് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിനു കീഴിൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കോമ്പോസിറ്റ് റീജ്യനൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്, മലപ്പുറം ആസ്ഥാനമായുള്ള മഅ്ദിൻ ഏബിൾ വേൾഡ്, ഇൻക്ലൂസീവ് പാരന്റ്സ് അസോസിയേഷൻ എന്നിവ സംയുക്തമായാണ് വെബിനാർ സീരീസ് നടത്തുന്നത്. കൊവിഡ് കാലത്തു ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ മാർഗനിർദേശങ്ങളും തെറാപ്പി രീതികളും പരിചയപ്പെടുത്തുന്ന ഓൺലൈൻ വിഡിയോ ലൈബ്രറിയുടെ പ്രകാശനവും പരിപാടിയുടെ ഭാഗമായി നടന്നു.

ചടങ്ങിൽ നിപ്മെഡ് ചെന്നൈ ഡയരക്ടർ നചികേത റൗത് അധ്യക്ഷനായി. സി.ആർ.സി കേരള ഡയരക്ടർ ഡോ. കെ.എൻ റോഷൻ ബിജ്ലി, ഇൻക്ലൂസീവ് പാരന്റ്സ് അസോസിയേഷൻ സ്റ്റേറ്റ് സെക്രട്ടറി സി.പി അനിൽ കുമാർ, ഏബിൾ വേൾഡ് ചീഫ് ഓപ്പറേറ്റിങ് ഓഫിസർ മുഹമ്മദ് അസറത്ത്, റീഹാബിലിറ്റേഷൻ ഓഫിസർ ഗോപിരാജ് എന്നിവർ സംസാരിച്ചു.

...(28) എന്നിവരെയാണ് കസബ പോലീസ് അറസ്റ്റുചെയ്തത്. വ്യാഴാഴ്ച വൈകിട്ട് അഞ്ചരയോടെ മാങ്കാവ് ബൈപ്പാസിൽ ... ബാവിഷിന്റെ നേതൃത്വത്തിലുള്ള സംഘം അറസ്റ്റുചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## ഭിന്നശേഷിക്കാർക്കുള്ള 'പ്രഭ' പദ്ധതി തുടങ്ങി

**കോഴിക്കോട് ▸** കോവിഡ് കൊണ്ട് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഭിന്നശേഷിക്കാർക്ക് കരുതൽ നൽകൽ സാമൂഹികവും വ്യക്തിപരവുമായ ബാധ്യതയാണെന്ന് എം.കെ. രാഘവൻ എം.പി. പറഞ്ഞു. ജില്ലയിലെ ഹയർസെക്കൻഡറി വിഭാഗത്തിലെ 1500 നാഷണൽ സർവീസ് സ്കീം വൊളന്റിയേഴ്സിനെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള 'പ്രഭ' പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

'പ്രഭ' പദ്ധതി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.ആർ.സി., കോഴിക്കോട്-കണക്ടഡ് ഇനീഷ്യേറ്റീവ്, നാഷണൽ സർവീസ് സ്കീം, മഅ്ദിൻ ഏബിൾ വേൾഡ് -മലപ്പുറം എന്നിവയുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്. നിപ്മെഡിന്റെ ഡയറക്ടർ നജികേത റൗത് അധ്യക്ഷത വഹിച്ചു.

സി.ആർ.സി. ഡയറക്ടർ ഡോ. കെ.എൻ. റോഷൻ ബിജിലി, കൊയിലാണ്ടി മുനിസിപ്പൽ ചെയർപേഴ്സൺസ് സുധ കിഴക്കേപ്പാട്ട്, എൻ.എസ്.എസ്. ക്ലസ്റ്റർ കോ-ഓർഡിനേറ്റർ കെ.എൻ. റഫീഖ്, ഏബിൾ വേൾഡ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ മുഹമ്മദ് അസ്റത്ത്, റീഹാബിലിറ്റേഷൻ ഓഫീസർ പി.വി. ഗോപിരാജ് എന്നിവർ സംസാരിച്ചു.

# കോവിഡ് വാക്സിനുമായി ബന്ധപ്പെട്ട ഭിന്നശേഷി വിഭാഗങ്ങളുടെ ആശങ്ക പരിഹരിക്കും; കേരള ഭിന്നശേഷി കമ്മീഷണർ എസ്.എച്ച്. പഞ്ചാപകേശൻ



● ഭിന്നശേഷി കുട്ടികളും അവരുടെ രക്ഷിതാക്കളും അനുഭവിക്കുന്ന പ്രശ്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സി.ആർ.സിയുടെ മഅ്ദിൻ ഏബ്ൾ വേൾഡും സംഘടിപ്പിക്കുന്ന പത്ത് ആഴ്ച നീണ്ടു നിൽക്കുന്ന വെബിനാർ സീരീസ് കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്. എച്ച്. പഞ്ചാപകേശൻ ഉദ്ഘാടനം ചെയ്യുന്നു.

മലപ്പുറം: കോവിഡ് വാക്സിനുമായി ബന്ധപ്പെട്ട ഭിന്നശേഷി കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്ക പരിഹരിക്കുമെന്നു കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച്. പഞ്ചാപകേശൻ അറിയിച്ചു. കോവിഡ് വ്യാപനം ശക്തമായ രണ്ടാം തരംഗത്തിൽ ഭിന്നശേഷി കുട്ടികളും അവരുടെ രക്ഷിതാക്കളും അനുഭവിക്കുന്ന പ്രശ്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പത്ത് ആഴ്ച നീണ്ടുനിൽക്കുന്ന വെബിനാർ സീരീസ് ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്നലെ ഉച്ചക്ക് രണ്ടിന് നടന്ന പരിപാടിയിൽ ഭിന്നശേഷി അവകാശ നിയമം 2016 കോവിഡ് 19 ന്റെ സാഹചര്യത്തിൽ എന്ന വിഷയത്തിൽ ബോധവത്കരണവും ഭിന്നശേഷി വ്യക്തികളുടെ രക്ഷിതാക്കളുടെ സംശയങ്ങൾക്കുള്ള മറുപടിയും അദ്ദേഹം നൽകി. മലപ്പുറം ആസ്ഥാനമായുള്ള മഅ്ദിൻ ഏബിൾ വേൾഡ്, കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയത്തിനു കീഴിൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കോമ്പോസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ്, ഇൻക്ലൂസീവ് പാരന്റ്സ് അസോസിയേഷൻ എന്നിവ സംയുക്തമായാണ് വെബിനാർ സീരീസ് നടത്തുന്നത്.

ഭിന്നശേഷി വ്യക്തികളുടെ നേരെ നടക്കുന്ന അതിക്രമങ്ങൾക്കു കൃത്യമായ നടപടി എടുക്കുമെന്നും, ഭിന്നശേഷി വ്യക്തികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അവരുടെ അവകാശങ്ങൾ എന്നിവയെക്കുറിച്ചു ഊർജിതമായ ബോധവത്കരണം നടത്തുമെന്നും അദ്ദേഹം പറഞ്ഞു. കോവിഡ് കാലത്തു ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ മാർഗനിർദേശങ്ങളും തെറാപ്പി രീതികളും പരിചയപ്പെടുത്തുന്ന ഓൺലൈൻ വീഡിയോ ലൈബ്രറിയുടെ പ്രകാശനവും പരിപാടിയുടെ ഭാഗമായി നടന്നു. നിപ്മെഡ് - ചെന്നൈ ഡയറക്ടർ ശ്രീ. നചികേത റൗത് അധ്യക്ഷത വഹിച്ചു. സി ആർ സി - കേരള ഡയറക്ടർ ഡോ.റോഷൻ ബിജ്‌ലി കെ എൻ, ഇൻക്ലൂസീവ് പാരൻസ് അസോസിയേഷൻ സ്റ്റേറ്റ് സെക്രട്ടറി അനിൽ കുമാർ സി പി, മഅ്ദിൻ ഏബിൾ വേൾഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മുഹമ്മദ് അസ്റത്ത്, റീഹാബിലിറ്റേഷൻ ഓഫീസർ ഗോപിരാജ് പ്രസംഗിച്ചു. പ്രഗത്ഭരായ ആളുകൾ ക്ലാസ് നയിക്കുമെന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഭിന്നശേഷിക്കാരും രക്ഷിതാക്കളും പങ്കെടുക്കുമെന്നും സംഘാടകർ അറിയിച്ചു.


Connected Initiative
CRC-KERALA
Swavlamban
able world
NIEPMD
Inaugural Ceremony
PRABHA
(PwD Rehabilitation And Basic Health Assistance)
A comprehensive project to support the Persons with Disabilities (PwDs) in Kozhikode District through specially trained NSS student volunteers
Around 30,000 PwDs in the District
1500+ trained NSS student volunteers at service
03 JUNE 2021
10:30 AM
ID : nmy-xfmm-mgx
Presided by
Shri. Nachiketha Raut
(Director, NIEPMD, Chennai)
Inauguration
Shri. M K Raghavan MP
(Hon'ble Member of Parliament Kozhikode)
Chief Guest
Smt. Sudha Kizhakkeppatte
(Municipal Chairperson, Koyilandi)
Welcome
Shri. Mohanan Puthiyottil
(Connected initiative)
Project Brief
Dr. Roshan Bijlee K N
(Director, CRC-Kozhikode)
Felicitation
Shri. Rafeeq KN
NSS Cluster Convenor, City South Cluster, Calicut
Vote of thanks
Shri.Muhammed Asrath
Chief Operating Officer, Able World.
Jointly Organised by :
Composite Regional Centre for Persons with Disabilities, (CRC-K) under NIEPMD, Chennai
DEPWD, MSJE - Govt. of India
Able World - Ma'din Academy, Malappuram, Kerala
Connected Initiative Kozhikode I NSS Higher Secondary, Kozhikode District